## പതിനാലാം കേരള നിയമസഭ

### രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3045** **18-10-2016-ൽ മറുപടിയ്ക്ക്**

### <u>ലോട്ടറി ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം</u>

| | ചോദ്യം<br>ശ്രീ. റ്റി.വി. രാജേഷ് | | മറുപടി<br>ഡോ. ടി.എം. തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) |
|---|---|---|---|
| | ലോട്ടറി ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം വിപുലീകരിക്കുന്നതിനും ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ? | | 2008-ലെ കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടേയും വിൽപ്പനക്കാരുടേയും ക്ഷേമ പദ്ധതി വിജ്ഞാപന പ്രകാരം കേരള സംസ്ഥാന ഭാഗ്യക്കുറി ക്ഷേമനിധിയിലെ അംഗങ്ങൾക്ക് അനുവദിക്കപ്പെട്ടിട്ടുള്ളതായ ചികിത്സാസഹായം, പ്രസവാനുകൂല്യം, വിവാഹ ആനുകൂല്യം, മരണാനന്തര സാമ്പത്തിക സഹായം, പെൻഷൻ ആനുകൂല്യങ്ങൾ മുതലായ ആനുകൂല്യങ്ങളുടെ തുക വർദ്ധിപ്പിക്കുന്നതിനും, വിദ്യാഭ്യാസ അവാർഡ്, ഒറ്റത്തവണ സ്കോളർഷിപ്പ് പദ്ധതി മുതലായ ആനുകൂല്യങ്ങളുടെ തുകയിൽ വർദ്ധനവ് വരുത്തുന്നതിനും, കൂടാതെ ഭവനരഹിതർക്ക് ഭവന നിർമ്മാണത്തിനുള്ള സാമ്പത്തിക സഹായം, അംഗപരിമിതർക്ക് മുച്ചക്ര വാഹനം നൽകുന്ന പദ്ധതി, ലോട്ടറി തൊഴിലാളികൾക്ക് സൗജന്യ യൂണിഫോം, അപകട ഇൻഷ്വറൻസ് എന്നീ പദ്ധതികൾ നടപ്പിൽ വരുത്തുന്നതിനും, നിലവിലെ ക്ഷേമനിധി പ്രവർത്തനം വിപുലീകരിച്ച് ഭാഗ്യക്കുറി വിറ്റുവരവിന്റെ ഒരു ശതമാനം പൂർണ്ണമായും തൊഴിലാളി ക്ഷേമത്തിന് വിനിയോഗിക്കുന്നതും പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ.